**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്ര വിഭാഗങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ ഡി കെ മുരളി | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ പട്ടികഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ പരിരക്ഷയും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് വേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ പരിരക്ഷയും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു. 1) സാമൂഹ്യപഠനമുറി 2) ഗോത്രബന്ധു 3) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം. 4) പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം. 5) സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി. 6) ലാപ്ടോപ്പ് വിതരണം. 7) വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്. 8) പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തൽ 9) തൊഴിലും നൈപുണ്യ പരിശീലനവും 10) പി.കെ.കാളൻ കുടുംബ പദ്ധതി 11) ഗോത്രവാത്സല്യനിധി 12) മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ. 13) അംബേദ്കർ സെറ്റിൽമെൻറ് ഡെവലപ്മെന്റ് സ്കീം എ) അടിസ്ഥാനസൗകര്യങ്ങൾ ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി (മേൽ പറഞ്ഞ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്.) |
| (ബി) | സർക്കാരിന്റെ പ്രായോഗികമായ ഇടപെടൽമൂലം പട്ടിക ഗോത്ര വിഭാഗങ്ങളിലെ സ്ത്രീകൾക്കിടയിലുണ്ടായ സാമൂഹ്യ മാറ്റങ്ങൾ എന്തെല്ലാമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (ബി) | പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സ്ത്രീകൾക്ക് കൂടുതൽ മുൻഗണന നൽകുന്നതിലൂടെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കിടയിലുണ്ടായ സാമൂഹ്യ മാറ്റങ്ങൾ സംബന്ധിച്ച് പ്രത്യേക വിലയിരുത്തൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നു. (പട്ടിക വർഗ്ഗ വനിതകൾക്കായുള്ള പദ്ധതികൾ അനുബന്ധം - 2 ആയി ചേർക്കുന്നു.) |

| | | | |
|---|---|---|---|
| (സി) | പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി വിദ്യാഭ്യാസം, പാർപ്പിടം, ഭൂമി, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്ക് പ്രധാന്യം നൽകി കാര്യക്ഷമത ഉറപ്പ് വരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗക്കാർക്ക് ആധുനിക തൊഴിൽ മേഖലകളിൽ മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട തൊഴിൽ മേഖലകളിൽ പ്രത്യേകം പരിശീലനം നൽകി വിവിധ വ്യവസായ സ്ഥാപനങ്ങളിൽ നിയമിച്ചു വരുന്നു. കൂടാതെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വെർച്ചൽ ട്രൈബൽ എംപ്ലോയ്മെൻറ് എക്സ്ചേയ്ഞ്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 1

സംസ്ഥാനത്തെ പട്ടികഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ പരിരക്ഷയും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തു ന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1. സാമൂഹ്യപഠനമുറി**

പട്ടികവർഗ്ഗകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും, ലഘുഭക്ഷണവും നൽകി വരുന്നു.

**2. ഗോത്രബന്ധു**

വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

**3. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം**

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 20 എം.ആർ.എസുകളെയും അന്താരാഷ്ട്ര നിലവാര ത്തിലേയ്ക്ക് ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു.

**5. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം**

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 119 പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

**6. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി**

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് വർഷം തോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

**7. ലാപ്ടോപ്പ് വിതരണം.**

പ്രൊഫഷണൽ കോഴ്സിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് സൗജന്യമായി നൽകുന്ന പദ്ധതി

**8. വിദേശപഠനത്തിനുള്ള ധനസഹായം.**

9. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ **വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി** നടപ്പിലാക്കി വരുന്നു.

10. **വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്** – പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്.

**11. പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തൽ**

ഭക്ഷ്യ സഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൻ, മില്ലെറ്റ് വില്ലേജ്, പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു.

**മില്ലെറ്റ് വില്ലേജ്** – മില്ലെറ്റ് വില്ലേജ് പദ്ധതി പ്രകാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്ന പദ്ധതി

**പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:** പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക വരുമാനദായക പദ്ധതി നടപ്പിലാക്കി വരുന്നു.

**12. തൊഴിലും നൈപുണ്യ പരിശീലനവും**

പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കുന്നതിനായി സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും തുടർ പദ്ധതികളായി നടപ്പിലാക്കി വരുന്നു.

**KIFB മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

11 നിർമ്മാണ പ്രവൃത്തികൾക്ക് 82.928 കോടി രൂപ ചെലവഴിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

**13. പി.കെ.കാളൻ കുടുംബ പദ്ധതി**

പാലക്കാട് ജില്ലയിലെ മലമ്പുഴ പഞ്ചായത്തിലെ ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികൾക്ക് 1.54 കോടി രൂപയും ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്ക് പദ്ധതി രൂപീകരണത്തിനായി 5.06 കോടി രൂപയുടെ പദ്ധതി ചെലവഴിച്ച് നടപ്പിലാക്കി വരുന്നു.

**14. ഗോത്രവാത്സല്യനിധി**

പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ എന്നിവ ഉറപ്പ് വരുത്തുന്നതിനായി ആരംഭിച്ച ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

**15. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ**

14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു.

**16. അംബേദ്കർ സെറ്റിൽമെൻറ് ഡെവലപ്മെന്റ് സ്കീം**

**എ) അടിസ്ഥാനസൗകര്യങ്ങൾ**

വിവിധ ജില്ലകളിലായി തെരഞ്ഞെടുത്ത 94 കോളനികളുടെ അടിസ്ഥാന നവീകരണ പദ്ധതികൾ പുരോഗമിച്ചു വരുന്നു.

**ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി**

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗകുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടിലഭ്യമാക്കുന്ന പദ്ധതി.

+++++++++

## അനുബന്ധം – 2

## പട്ടികവർഗ്ഗഗോത്ര വിഭാഗത്തിൽപ്പെട്ട വനിതകളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ

പട്ടികവർഗ്ഗ വനിതകൾക്ക് സ്ഥിരം വരുമാനം ഉറപ്പ് വരുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**അട്ടപ്പാടി അപ്പാരൽ പാർക്ക്:–** അട്ടപ്പാടിയിലെ 250 വനിതകൾക്കായി ആധുനിക തയ്യൽ പരിശീലനം നൽകുകയും അവരുടെ സ്ഥിരവരുമാനം ഉറപ്പ് വരുത്തുന്നതിനായി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന സ്ഥാപനം ആരംഭിക്കുകയും അവിടെ വകുപ്പിന്റെ നേതൃത്വത്തിൽ മിഷനറികൾ സ്ഥാപിച്ച് വസ്ത്രനിർമ്മാണം ആരംഭിക്കുകയും ചെയ്യുന്ന ഒരു പദ്ധതിയാണിത്. ഇതേ മാതൃകയിൽ വയനാട്, പാലക്കാട്, തിരുവനന്തപുരം എന്നീ ജില്ലകളിലും ഇപ്രകാരം പരിശീലന പരിപാടികൾ പൂർത്തിയായി വരുന്നു.

**ഗോത്രബന്ധു:–** പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലഘട്ടത്തിൽ ഉണ്ടാകുന്ന ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി ഗോത്ര ഭാഷാ സംസാരിക്കുന്ന അദ്ധ്യാപകരെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിയമിച്ചതിൽ 90 ശതമാനത്തോളവും വനിതകളാണ്.

**ട്രൈബൽ പ്ലസ്:–** തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കൂടുതൽ പങ്കാളികളാകുന്നത് വനിതകളാണ്. ഇതിന് അനുബന്ധമായിട്ടാണ് നിലവിൽ ലഭിക്കുന്ന 100 ദിവസത്തെ തൊഴിലുറപ്പിന് പുറമെ 100 ദിവസത്തെ അധിക തൊഴിൽ നൽകുന്ന ട്രൈബൽ പ്ലസ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭൂരിഭാഗം ഗുണഭോക്താക്കളും ഗോത്രവനിതകളാണ്.

**കാർഷികവരുമാനദായക പദ്ധതികൾ:–** പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത തൊഴിൽ മേഖലയായ കാർഷിക വൃത്തിയിൽ അവർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് സുസ്ഥിരവരുമാനം ഉറപ്പ് വരുത്തുന്ന വിവിധ കാർഷിക പദ്ധതികൾ നടപ്പിലാക്കി വരുന്നു. അട്ടപ്പാടി കേന്ദ്രീകരിച്ച് 'നമത്ത് വെള്ളാമെ' എന്ന പദ്ധതിയും മില്ലെറ്റ് വില്ലേജും നടപ്പിലാക്കി വരുന്നു. വയനാട്, ഇടുക്കി ജില്ലകൾ കേന്ദ്രീകരിച്ച് ഗോത്രരശ്മി എന്ന പേരിൽ മറ്റൊരു കാർഷിക പദ്ധതിയും നടപ്പിലാക്കി വരുന്നു.

+++++++++++++